D3AML2403 **(2 Pages)** **Name.....**

Reg. No.....

THIRD SEMESTER M. A. DEGREE EXAMINATION, NOVEMBER 2025

(Regular/Improvement/Supplementary)

MALAYALAM WITH JOURNALISM

FMAL3E04 – പരിസ്ഥിതി – സ്ത്രീ –ദളിത് സാഹിത്യം

Time: 3 Hours **Maximum Weightage: 30**

ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയിറ്റേജ് വീതം.

1. "ആധുനിക സംസ്കൃതി ലോകത്തെ മാരകമായ ഒരു കുപ്പത്തൊട്ടിയായി മാറ്റി തീർത്തിരിക്കുന്നു" എന്ന എം. അച്യുതന്റെ അഭിപ്രായത്തെ വിശകലനം ചെയ്യുക.
2. മണ്ഡൽവിരുദ്ധ പ്രക്ഷോഭത്തെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.
3. "ഇവർക്ക് ഈ സ്വകാര്യസ്വത്തായ രണ്ടേക്കർ സ്ഥലത്ത് എന്താണ് അവകാശം?" സന്ദർഭം വിശദമാക്കുക.
4. മാക്സിസവും അംബേദ്ക്കറിസവും തമ്മിൽ നിലനിൽക്കുന്ന ഭിന്നതയുടെ അടിസ്ഥാനം എന്ത്?
5. 'ഇക്കോ ക്രിറ്റിസിസം' എന്ത്? വിശദമാക്കുക.
6. മലയാള സാഹിത്യത്തിലെ ആദ്യകാല സ്ത്രീ എഴുത്തുകാരികളെക്കുറിച്ച് ദേവിക വിവരിക്കുന്നത് എങ്ങനെ?
7. 'പുഴു ദൈവം കല്ല്' എന്ന കവിത മുന്നോട്ടുവയ്ക്കുന്ന ദർശനങ്ങൾ ഏവ?

(4 x 2= 8 വെയ്റ്റേജ്)

ഭാഗം II : 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 3 വെയിറ്റേജ് വീതം.

8. മണ്ഡൽ കമ്മീഷന്റെ പശ്ചാത്തലം 90 കളിൽ അത് സൃഷ്ടിച്ച അനുരണനവും ചർച്ച ചെയ്യുക.
9. പാരിസ്ഥിതിക കലയുടെ ഉദയത്തിന് തികച്ചും അനുയോജ്യമായ അന്തരീക്ഷം കേരളത്തിൽ ഉണ്ട് ജി. മധുസൂദനന്റെ ഈ അഭിപ്രായം പരിശോധിക്കുക.
10. പറയൂ, പാവയോ മൃഗം? മെരുങ്ങിയാ-
    ലടിമയെക്കണക്കൊതുങ്ങുമെങ്കിലും
    ഇടയ്ക്കിടയ്ക്കെന്റെ വനചേതസ്സിലാ-
    മൃഗപൌരാണികൺ കുടഞ്ഞെണീക്കുന്നു. ആശയം വിശദമാക്കുക.
11. ചക്ക ഒരു സമരായുധമാണ്. ചക്ക എന്ന കവിതയെ മുൻനിർത്തി ചർച്ച ചെയ്യുക.
12. പേരറിയാത്തവർ അവതരിപ്പിക്കുന്ന രാഷ്ട്രീയ ദർശനം.
13. എം. അച്യുതന്റെ ഹരിത സാഹിത്യ ദർശനങ്ങളെ സംഗ്രഹിക്കുക.

(4 x 3= 12 വെയ്റ്റേജ്)

(തുടർച്ച...2)

14. പരിസ്ഥിതി സാഹിത്യം പൊതുസമൂഹത്തിന്റെ പരിസ്ഥിതിയെ കുറിച്ചുള്ള കാഴ്ചപ്പാടിനെ സ്വാധീനിക്കുന്നുണ്ടോ? ചർച്ച ചെയ്യുക.

ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക . ഓരോന്നിനും 5 വെയിറ്റേജ് വീതം.

15. വർത്തമാന കാലത്ത് ഉപയോഗിക്കുന്ന ഫെമിനിച്ചി എന്ന സംബോധനയെ സ്ത്രീപക്ഷ കാഴ്ചപ്പാടിൽ വിമർശന വിധേയമാക്കുക.
16. പ്രിയ എ. എസിന്റെ ജാഗരൂക എന്ന കഥയ്ക്ക് ഒരു അസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
17. സ്ത്രീ സ്വാതന്ത്ര്യം സംബന്ധിച്ച് പുരോഗമനപരമായ സങ്കല്പങ്ങൾ ലോകത്ത് ആകമാനം രൂപപ്പെട്ടു വരുവാൻ ഉണ്ടായ സാഹചര്യങ്ങളെ കുറിച്ച് ലേഖകൻ വിലയിരുത്തുന്നത് എങ്ങിനെ?
18. കേരളത്തിൽ നിലനിന്നിരുന്ന അതിശക്തമായ ജാതീയ വിവേചനത്തെ യുക്തിസഹമായിചോദ്യം ചെയ്യുന്ന കാവ്യം എന്ന നിലയിൽ പണ്ഡിറ്റ് കെ. പി. കറുപ്പന്റെ ജാതിക്കുമ്മിയെ വിലയിരുത്തുക.

(2 x 5= 10 വെയ്റ്റേജ്)